**പോലീസ് വകുപ്പ്**

**കേരളം**

**PROCEEDINGS OF THE DISTRICT POLICE CHIEF**

**ജില്ലാ പോലീസ് ഓഫീസ്, ഇടുക്കി**

**സാന്നിദ്ധ്യം : കുര്യാക്കോസ് വി യു**

വിഷയം : അച്ചടക്ക നടപടി - ശ്രീ ഷിഹാബ് പി.വി., സിപിഒ യു 4612 (PEN 763057) നെ സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്തു കൊണ്ട് ഉത്തരവാകുന്നു.

സൂചന : അസിസ്റ്റൻറ് കമാണ്ടൻറ്, ജില്ലാ ആസ്ഥാന ക്യാമ്പ്, ഇടുക്കിയുടെ 03.10.2022 തീയതിയിലെ ജി.എൽ. നം. 1283/2022/AC/DHQ-CAMP/ID നമ്പർ റിപ്പോർട്ടും അനുബന്ധ രേഖകളും.

**ഉത്തരവ് നമ്പർ : H2-49735/2022/ID തീയതി. 03-10-2022**

ശ്രീ ഷിഹാബ് പി.വി., സിപിഒ യു 4612 , ഇടുക്കി DHQ ൽ പ്രവർത്തിയെടുത്ത് വരവെ, കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളിയിൽ പ്രവർത്തിച്ചു വരുന്ന KM വെജിറ്റബിൾസ് എന്ന കടയുടെ മുൻ വശത്ത് വിൽപ്പനയ്ക്കായി ഇറക്കി വച്ച മാങ്ങയുടെ ട്രേകളിൽ നിന്നും ടിയാൻ 30.09.2022 തീയതി വെളുപ്പിന് 4 മണിയോടെ 10 kg മാങ്ങ മോഷണം നടത്തിക്കൊണ്ട് പോയ സംഗതിയിന്മേൽ ടിയാനെതിരെ കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം. 1378/2022 U/S 379 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്ന് മേൽ സൂചന പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

അച്ചടക്ക സേനയിലെ ഉത്തരവാദിത്വപ്പെട്ട ഒരു പോലീസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ, മേൽ ക്രൈം കേസ്സിൽ പ്രതിയായ ടിയാൻറെ പ്രവൃത്തി ഡിപ്പാർട്ട്മെൻറിലെ ഒരു ഉദ്യോഗസ്ഥന് ഒരിക്കലും യോജിക്കാത്ത രീതിയിലുള്ള അച്ചടക്ക ലംഘനവും, തികഞ്ഞ സ്വഭാവദൂഷ്യവും, സർവോപരി പൊതു ജനമധ്യത്തിൽ പോലീസ് സേനാക്കമാനം കളങ്കം ചാർത്തുന്നതുമാണെന്ന് പ്രഥമ ദൃഷ്ട്യാ ബോദ്ധ്യമാകയാൽ **ശ്രീ ഷിഹാബ് പി വി, സിപിഒ യു 4612 നെ അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം സർവീസിൽ നിന്നും സസ്പെന്റ് ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.**

സസ്പെൻഷൻ കാലയളവിൽ ടിയാന് ചട്ടപ്രകാരമുള്ള ഉപജീവനപ്പടിക്ക് അർഹതയുണ്ടായിരിക്കും.

03-10-2022
കുര്യാക്കോസ് വി യു,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ ഷിഹാബ് പി വി, സിപിഒ യു 4612 ന്, അസിസ്റ്റൻറ് കമ്മണ്ടൻറ്, ജില്ലാ ആസ്ഥാന ക്യാമ്പ്, ഇടുക്കി മുഖേന

പകർപ്പ് : അസിസ്റ്റൻറ് കമ്മണ്ടൻറ്, ജില്ലാ ആസ്ഥാന ക്യാമ്പ്, ഇടുക്കി - ടിയാനുള്ള പകർപ്പ് സഹിതം. ഒരു പകർപ്പ് ടിയാന് നല്കി മറുപകർപ്പിൽ ടിയാൻറെ തീയതിയോടുകൂടിയ ലക്ഷ്യം വാങ്ങി മടക്കി നല്കേണ്ടതാണ്
സംസ്ഥാന പോലീസ് മേധാവി കേരളം, അഡിഷണൽ പോലീസ് ഡയറക്ടർ ജനറൽ (ലോ & ഓർഡർ), പോലീസ് ഇൻസ്പെക്ടർ ജനറൽ ദക്ഷിണമേഖല തിരുവനന്തപുരം, പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ എറണാകുളം റേഞ്ച് എന്നിവർക്ക് ഉപരിപത്രം സഹിതം .

H2-49735/2022/ID
f5ee2a

അഡീ. എസ് പി, എ.എ, മാനേജർ, എ.ഒ , ഡിപിസി യുടെ സി എ എന്നിവർക്ക്.
A1, A2, A5(b),A6, F1(a), F2, F3(C) സെക്ഷനുകൾക്ക് അറിവിനും അനന്തരനടപടികൾക്കുമായി.
നടപടിക്രമം ഫയൽ .